"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പഞ്ചായത്ത് രാജ് ആക്ട് - പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.12.2024-ലെ 1(1), 14.02.2025-ലെ 1(1), 20.02.2025-ലെ 1(1) നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും തദ്ദേസസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.662/2025/LSGD തീയതി, തിരുവനന്തപുരം, 10-03-2025

---

പരാമർശം:-

1. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.12.2024-ലെ 1(1), 14.02.2025-ലെ 1(1), 20.02.2025-ലെ 1(1) നമ്പർ തീരുമാനങ്ങൾ.
2. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/02/2025- ലെ എസ്.സി.1/3219/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ സിസ്കോ പ്ലൈ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ജി1 ഒക്യുപൻസിയിൽ വരുന്ന കെട്ടിടത്തിന് നിർമാണ പെർമിറ്റിനായി നൽകിയിരുന്ന അപേക്ഷയിലെ ന്യൂനതകൾ അപേക്ഷകൻ പരിഹരിച്ച് നല്കിയതിന്റെ അടിസ്ഥാനത്തിൽ LID&EW വിഭാഗം അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധന നടത്തിയും പ്ലാനും രേഖകളും പരിശോധിച്ചും ചട്ടപ്രകാരമാണെന്ന് റിപ്പോർട്ട് നൽകിയിരുന്നുവെന്നും എന്നാൽ പ്രദേശത്തെ ജനങ്ങൾ ഒറ്റക്കെട്ടായി പ്രതിഷേധിക്കുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന് പെർമിറ്റ് അനുവദിക്കേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 06.12.2024-ലെ 1(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നുവെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) തുടർന്ന് അപേക്ഷകൻ 24.12.2024-ൽ നടന്ന കരുതലും കൈത്താങ്ങും താലൂക്ക് അദാലത്തിൽ നൽകിയ അപേക്ഷയിന്മേലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നിയമാനുസൃത അനുമതികളെല്ലാം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ 17.01.2025-ൽ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയിരുന്നുവെന്നും എന്നാൽ പ്രദേശവാസികളുടെ പ്രതിഷേധം കണക്കിലെടുത്ത് 14.02.2025-ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തരയോഗത്തിലെ 1(1) നമ്പർ പ്രകാരം ടി പെർമിറ്റ് റദ്ദ് ചെയ്യണമെന്നും അപേക്ഷകന് സ്റ്റോപ്പ് മെമ്മോ നൽകണമെന്നും സെക്രട്ടറിയോട് ഭരണസമിതി നിർദ്ദേശിക്കുകയുണ്ടായെന്നും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ (KPBR 2019) പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റിന് ആവശ്യമായ രേഖകളും അനുമതികളും ഹാജരാക്കുകയും സ്ഥലപരിശോധന നടത്തി ആയവ KPBR 2019 ചട്ടപ്രകാരമാണെന്ന് അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിലും കരുതലും കൈത്താങ്ങും താലൂക്ക് അദാലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൻ നൽകിയിരുന്ന അപേക്ഷയിന്മേൽ ലഭിച്ചിരുന്ന നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിലും നൽകിയ പെർമിറ്റ് റദ്ദാക്കുന്നതും സ്റ്റോപ്പ് മെമ്മോ നൽകുന്നതും നിയമവിരുദ്ധമാണെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടുവെങ്കിലും പെർമിറ്റ് റദ്ദാക്കണമെന്നും സ്റ്റോപ്പ് മെമ്മോ നൽകണമെന്നും ഭരണസമിതി ഐകകണ്ഠ്യേന തീരുമാനിക്കുകയുണ്ടായെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3) ടി തീരുമാനം നിയമാനുസൃതമല്ലെന്നും അത് പുനഃപരിശോധിക്കണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചതനുസരിച്ച് 20.02.2025-ലെ പഞ്ചായത്ത് കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിക്കുകയും മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതിന് 1(1) നമ്പരായി തീരുമാനിക്കുകയും ചെയ്തതിനെത്തുടർന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീരുമാനങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.12.2024-ലെ 1(1), 14.02.2025-ലെ 1(1), 20.02.2025 ലെ 1(1) നമ്പർ തീരുമാനങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്തും സെക്ഷൻ 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, പാലക്കാട്
പ്രസിഡണ്ട്, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്, പാലക്കാട്
സെക്രട്ടറി, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 10-03-2025 20:27:50